# നീരയിലൂടെ നിശ്ശബ്ദ വിപ്ലവം

ലോകത്തു 96 രാജ്യങ്ങളിൽ തെങ്ങുകൃഷി ചെയ്യുന്നതിൽ കേരളത്തിൽ മാത്രമാണു നീര ചെത്തുന്നതിനു നിയമതടസ്സമുണ്ടായിരുന്നത്. നട്ടുവളർത്തിയ തെങ്ങിൽനിന്നു നീര ചെത്തി കുടിക്കുകയോ ആർക്കെങ്കിലും കൊടുക്കുകയോ ചെയ്താൽ അതിനു കിട്ടുന്നതു തടവും പിഴശിക്ഷയും.

ഇന്നു നമുക്കു കുടിക്കാൻ കിട്ടുന്നതിൽ ഏറ്റവും കൂടുതൽ പോഷകസമ്പന്നവും ശുദ്ധവും പ്രകൃതിധനവുമായ ഇതിനോട് സമാനമായി ഇളനീർപോലും എത്തുകയില്ല. ആൽക്കഹോളിന്റെ അംശം തെല്ലും ഇല്ലാത്ത നീര ഉൽപാദിപ്പിക്കാൻ അനുമതി ലഭിക്കുന്നതോടെ കേരളത്തിന്റെ മുഖച്ഛായ തന്നെ മാറാനിടയുണ്ട്. സാമ്പത്തിക ഞെരുക്കത്തിൽ ബുദ്ധിമുട്ടുന്ന സർക്കാരിന് ഇത് ഒരു വരുമാനമാർഗം കൂടിയാകും. നല്ല അഞ്ചു തെങ്ങ് നീര ചെത്താനുള്ള കർഷകനു മാസത്തിൽ മുപ്പതിനായിരം രൂപ വരുമാനം പ്രതീക്ഷിക്കാവുന്നതാണ്. അഞ്ചുലക്ഷത്തോളം പേർക്ക് ഉയർന്നതോതിൽ ശമ്പളം കിട്ടുന്ന ജോലിയാണു നാളികേര വികസന ബോർഡ് ചെയർമാൻ ഇതിലൂടെ വിഭാവനം ചെയ്യുന്നത്.

കേരളത്തിലെ തൊഴിലില്ലായ്മയെ ചൊല്ലി വഴിതടയുന്നവർക്ക് ഇതൊന്നും കാണാൻ കഴിഞ്ഞില്ല. നമ്മുടെ സാമ്പത്തിക സാമൂഹിക രംഗത്തു വൻ മുന്നേറ്റം ഉണ്ടാക്കുമായിരുന്ന ഇതിനും ഉണ്ടായി എതിരാളികൾ. ഏതൊരു പദ്ധതി നടപ്പാക്കുമ്പോഴും സർക്കാരിനു വലിയ സാമ്പത്തിക ചെലവ് വരുന്നതോടൊപ്പം ഒരു ചെറിയ ന്യൂനപക്ഷത്തിനെങ്കിലും അതു ദോഷവും ചെയ്തേക്കാം. നീരയുടെ കാര്യത്തിൽ ഇങ്ങനെ ഒരു ദോഷം ഇല്ലെന്നിരിക്കേ പറഞ്ഞുകേട്ട കാര്യം ഇതു ദുരുപയോഗം ചെയ്യാൻ സാധ്യത ഉണ്ടെന്നാണ്. നീര ചെത്തി കള്ളായി ദുരുപയോഗം ചെയ്താൽ കേരളത്തിന്റെ ഭാവി എന്താകും...? ഹാ, കഷ്ടം!

നാളികേര വികസന ബോർഡിനു നീര ചെത്താൻ അനുമതി കൊടുത്തെങ്കിലും ഇപ്പോഴും അത് എക്സൈസ് വകുപ്പിനു കീഴിൽ തന്നെ.

കുറഞ്ഞതു 10 തെങ്ങെങ്കിലും ഉള്ളതും കുടുംബത്തിലെ ഒരാൾക്ക് അംഗത്വം എടുക്കാവുന്നതും നാലായിരത്തിനു മുകളിൽ തെങ്ങുമുള്ള ഒരു പ്രദേശത്തെ കർഷകരെ സൊസൈറ്റീസ് ആക്ടനുസരിച്ചു റജിസ്റ്റർ ചെയ്ത സൊസൈറ്റികളാണു നാളികേര വികസന ബോർഡ് നടപ്പാക്കിവരുന്ന പദ്ധതിയുടെ ആദ്യതലം.

ഇതിനുശേഷം ഇത്തരം 10 മുതൽ 25 വരെ സൊസൈറ്റികൾ ഉൾക്കൊള്ളുന്നതാണു ഫെഡറേഷൻ. ഇതിനു മുകളിൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി പ്രൈവറ്റ് ലിമിറ്റഡും.

ഏതായാലും കേരളത്തിൽ അങ്ങോളമിങ്ങോളം ഒരു നിശ്ശബ്ദവിപ്ലവം നടക്കുകയാണ്. സൊസൈറ്റികളും ഫെഡറേഷനുകളും കമ്പനിയും അതിവേഗം വളരുന്നു. ഏതാനും മാസങ്ങൾ കൊണ്ടു കർഷകന്റേതായ ഒരു സമാന്തരസംവിധാനം സിഡിബി ചെയർമാൻ കെട്ടിപ്പടുക്കുന്നതു നാട്ടിലാരും അറിഞ്ഞമട്ടില്ല.

**പി.സി. രഘുപ്രസാദ്**
മുക്കം, കോഴിക്കോട്